# സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം

ഒക്ടോബർ 31, 2019

## പത്രക്കുറിപ്പ്

തിരുവനന്തപുരം: ജി എസ് ടി നികുതി പിരിവ് അവലോകനം ചെയ്തപ്പോൾ മൂന്ന് ലക്ഷം വരുന്ന രജിസ്ട്രേഷനുള്ള കച്ചവടക്കാരിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം പേർ കൃത്യ സമയത്ത് ജിഎസ്ടിആർ3ബി റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കാത്തതായി കണ്ടെത്തുകയുണ്ടായി. നികുതി പണം ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്നതായതിനാൽ ആ പണം അടയ്ക്കാത്തവരിൽ നിന്നും പിരിച്ചെടുക്കുന്നതിന് നികുതി നിയമത്തിൽ കർശന വ്യവസ്ഥകളാണുള്ളത്. 125 ാം വകുപ്പ് പ്രകാരം ഓരോ റിട്ടേൺ വൈകുന്നതിനും അൻപതിനായിരം രൂപ വരെ ജനറൽ പെനാൽറ്റി ആയി ഈടാക്കാവുന്നതാണ്. നിയമത്തെ പറ്റിയുള്ള അറിവിന്റെ അഭാവത്താൽ ചെറുകിട കച്ചവടക്കാർ ബുദ്ധിമുട്ടാൻ സാദ്ധ്യതയുള്ളതിനാൽ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് മുന്നറിയിപ്പ് നൽകാൻ റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ ഒരു ലിസ്റ്റ് www.keralataxes.gov.in എന്ന വെബ്സൈറ്റിൽ എല്ലാ മാസവും റിട്ടേൺ ഫയൽ ചെയ്യേണ്ട അവസാന തീയതിക്ക് ശേഷം പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഇതുവരെ 125 ാം വകുപ്പ് പ്രകാരം ജനറൽ പെനാൽറ്റി നോട്ടീസ് ലഭിച്ചിട്ടില്ലാത്തവർക്ക് ഡിസംബർ 1 ാം തീയതിക്കകം റിട്ടേൺ ഫയൽ ചെയ്ത് ജനറൽ പെനാൽറ്റി

നടപടികളിൽ നിന്നും ഒഴിവാകാവുന്നതാണ്. കച്ചവടം നിർത്തിയാൽ ഉടൻ തന്നെ GSTN പോർട്ടലിൽ കയറി റിട്ടേണുകൾ ഫയൽ ചെയ്ത് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനുള്ള അപേക്ഷ ഫയൽ ചെയ്യേണ്ടതാണ്. ലിസ്റ്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപമുള്ളവർക്ക് സംസ്ഥാന ജിഎസ്ടി ജില്ല ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ പരാതി സമർപ്പിക്കാവുന്നതാണ്.

**സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണർ**